# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഉത്തർപ്രദേശ് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി വാരാണസിയിലെ ത്തി. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi arrived in Varanasi as part of his visit to Uttar Pradesh. He held talks with Mauritian Prime Minister Navinchandra Ramgoolam.**

2. നേപ്പാളിൽ യുവജന പ്രക്ഷോഭത്തിൽ മരണ സംഖ്യ 30 ആയി ; ഇടക്കാല സർക്കാർ രൂപീകരണ ശ്രമങ്ങൾ തുടരുന്നു, ഇന്ത്യക്കാരെ തിരികെയെത്തിക്കാൻ പ്രത്യേക വിമാന സർവീസുകൾ.

   **Death toll from youth protests in Nepal reaches 30; Efforts to form an interim government continue. Special flights have been arranged to bring back Indian nationals.**

3. തിരുവനന്തപുരം ഉൾപ്പടെ രാജ്യത്തെ അഞ്ച് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ എമിഗ്രേഷൻ

ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന സംവിധാനം കേന്ദ്ര മന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്യു.

**Union Minister Amit Shah inaugurated a system to speed up the emigration clearance process at five international airports in the country, including Thiruvananthapuram.**

4. കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു , ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.

**One more person has died due to amoebic meningoencephalitis in Kerala; Health department intensifies vigilance.**

5. ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്നു ഇന്ത്യൻ വനിതാ താരങ്ങൾ സെമിഫൈനലിൽ പ്രവേശിച്ചു , വനിതാ ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ന് ഇന്ത്യാ-ചൈന പോരാട്ടം .

**Three Indian women boxers have entered the semifinals of the World Boxing Championship; In the Women's Asia Cup Hockey, India will face China today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM- VARANASI VISIT**

ഉത്തർപ്രദേശ് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി വാരാണസിയിലെത്തി. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇന്നലെ ഉത്തർപ്രദേശിലെത്തിയ മൗറീഷ്യസ് പ്രധാനമന്ത്രിയെ ഗവർണർ ആനന്ദി

ബെൻ പട്ടേൽ സ്വീകരിച്ചു. വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി മൗറീഷ്യസ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഒരാഴ്ചത്തെ ഇന്ത്യാ സന്ദർശനത്തിനായി ഈ മാസം 9 നാണ് മൗറീഷ്യസ് പ്രധാനമന്ത്രി എത്തിയത്. അതെസമയം, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തരാഖണ്ഡിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തും.

&&&&&&&&&&&&&&&&&&

## HEADLINE-3

## AMIT SHAH – FASTRACK EMIGRATION (INTRO)

*തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ – ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാമിന് തുടക്കമായി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വെർച്വലായി സംവിധാനം ഉദ്ഘാടനം ചെയ്തു. എമിഗ്രേഷൻ നടപടികൾ തടസ്സരഹിതവും വേഗത്തിലും ആക്കുന്നതിന് ഈ സംവിധാനം സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.*

*(വോയിസ്)*

*കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷനാണ് ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ – ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം നടപ്പിലാക്കിയത്. തിരുവനന്തപുരത്തിന് പുറമേ കോഴിക്കോട്, തിരുച്ചിറപ്പള്ളി, അമൃത് സർ, ലഖ്നൗ വിമാനത്താവളങ്ങളിൽ ഈ സംവിധാനം ഇന്ന് നിലവിൽ വന്നു.*

&&&&&&&&&&&&&&&&&&

## NEPAL-INTERIM GOVT

നേപ്പാളിൽ ഇടക്കാല സർക്കാർ രൂപീകരണത്തിനുള്ള ശ്രമങ്ങൾ തുടരുന്നു. പ്രസിഡൻറ് രാം ചന്ദ്ര പൗഡൽ, നേപ്പാൾ സേന മേധാവി, ജെൻ സി യുവജനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ ഇന്ന് ചർച്ച നടത്തും. ജെൻ സി പ്രതിഷേധക്കാർ മുൻ ചീഫ് ജസ്റ്റിസ് സുശീല കാർകിയെ പ്രധാനമന്ത്രി പദത്തിലേക്ക് നിർദേശിച്ചിട്ടുണ്ട്. അഴിമതി കേസുകളിൽ ജുഡീഷ്യൽ

അന്വേഷണം, എം പി മാർക്ക് മന്ത്രിപദം നൽകുന്നത് ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളും പ്രതിഷേധക്കാർ മുന്നോട്ട് വെച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-2

## NEPAL-DEATH TOLL

നേപ്പാളിൽ ഈ മാസം 8 ന് ജെൻ-സി പ്രകടനക്കാരുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധങ്ങളിൽ മരിച്ചവരുടെ എണ്ണം 30 ആയതായി സ്ഥിരീകരിച്ച് നേപ്പാൾ ആരോഗ്യ-ജനസംഖ്യാ മന്ത്രാലയം . രാജ്യവ്യാപകമായി നടന്ന പ്രതിഷേധങ്ങളിൽ ആയിരത്തിലധികം പേർക്ക് പരിക്കേറ്റതായും മന്ത്രാലയം അറിയിച്ചു. പരിക്കേറ്റവരിൽ 253 പേർ ഇപ്പോഴും ചികിത്സയിലാണ്. സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതിനായി അടിയന്തര സേവനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ആശുപത്രികൾക്ക് അതീവ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആരോഗ്യ മന്ത്രാലയം പറഞ്ഞു .

&&&&&&&&&&&&&&&&&&

## FLIGHTS-NEPAL

നേപ്പാളിലെ സംഘർഷത്തെത്തുടർന്ന് കുടുങ്ങിക്കിടക്കുന്ന ഇന്ത്യയിലേക്കുള്ള യാത്രക്കാരെ തിരികെ എത്തിക്കാനായി ഇന്ത്യൻ വിമാനക്കമ്പനികൾ സർവീസ് ആരംഭിക്കും. എയർ ഇന്ത്യയും ഇൻഡിഗോയും ഇതിനായി പ്രത്യേക വിമാന സർവീസുകൾ ആരംഭിക്കും. പ്രത്യേക സാഹചര്യം പരിഗണിച്ച് വിമാനങ്ങൾ പ്രത്യേക നിരക്കിൽ സേവനം നൽകുമെന്ന് വിമാന കമ്പനികൾ അറിയിച്ചു. ഇതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## NEPAL-CURFEW

സുരക്ഷാ ഉറപ്പാക്കുന്നതിനായി നേപ്പാളിലെ കാഠ്മണ്ഡു, ലളിത്പൂർ, ഭക്തപൂർ ജില്ലകളിൽ നിരോധനാജ്ഞയും കർഫ്യൂവും നീട്ടി. നാളെ രാവിലെ 6 മണി വരെ നിയന്ത്രണങ്ങൾ നീട്ടിയതായി നേപ്പാളി സൈന്യം അറിയിച്ചു.

എന്നാൽ , അവശ്യ സേവന വാഹനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രവർത്തിക്കാവുന്നതാണ് .

&&&&&&&&&&&&&&&&&&

**NEPAL- M E A**

സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി വിദേശകാര്യമന്ത്രാലയം. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**MEA - RUSSIAN ARMY**

റഷ്യൻ സേനയിൽ ചേരാനുള്ള തൊഴിൽ വാഗ്ദാനത്തിൽ നിന്ന് ഇന്ത്യാക്കാർ വിട്ടു നിൽക്കണമെന്ന് കേന്ദ്ര സർക്കാർ. റഷ്യൻ സേനയിലേക്ക് ഇന്ത്യക്കാരെ അടുത്തിടെ നിയമിച്ച തരത്തിൽ പുറത്തുവന്ന മാധ്യമ റിപ്പോർട്ടുകളോട് പ്രതികരിക്കവെ വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാളാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യാക്കാരെ റഷ്യൻ സൈന്യത്തിലേക്ക് നിയമിക്കുന്ന വിഷയം ഗൗരവത്തോടെയാണ് കാണുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് റഷ്യൻ അധികൃതരുമായി ചർച്ച നടത്തിയതായും ശ്രീ രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**GST REFORMS**

പുതു തലമുറ ജിഎസ് ടി പരിഷ്കാരങ്ങൾ വഴി, ഗാർഹിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകും. അതുവഴി മധ്യവർഗത്തിന് വലിയ ആശ്വാസമാണ് ഉണ്ടാകുന്നത്. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, എൽസിഡി/എൽഇഡി ടിവികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ജിഎസ്ടി നിരക്കുകൾ 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായാണ് കുറച്ചിരിക്കുന്നത്. ഇത് ആഭ്യന്തര ഉൽപാദകർക്കും നേട്ടമുണ്ടാക്കും. ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഉൽപ്പന്നങ്ങൾ ലഭിക്കുമ്പോൾ ആവശ്യകത വർധിക്കുകയും, അങ്ങനെ ഇന്ത്യയിൽ ശക്തമായ ഇലക്ട്രോണിക്സ് നിർമ്മാണ മേഖല കെട്ടിപ്പടുക്കാൻ സാധിക്കുകായും ചെയ്യും.

&&&&&&&&&&&&&&&&&

## HEADLINE-4

### AMOEBIC (INTRO)

***കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾകൂടി മരിച്ചു. കോഴിക്കോട് മെഡിക്കൽകോളെജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മലപ്പുറം സ്വദേശിയാണ് മരിച്ചത്***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു...***

***(ഹോൾഡ് - വോയിസ്)***

&&&&&&&&&&&&&&&&&

## HEADLINE-5

### WORLD BOXING C SHIP

യു കെ യിലെ ലിവർപൂളിൽ നടന്ന ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പ് ,സെമിഫൈനലിൽ പ്രവേശിച്ച് മൂന്നു ഇന്ത്യൻ താരങ്ങൾ. നൂപുർ ഷിയോറനും പൂജ റാണിയും ജാസ്മിൻ ലംബോറിയയുമാണ് സെമിയിൽ കടന്നത് .ഇതോടെ ബോക്സിംഗിൽ കുറഞ്ഞത് മൂന്ന് വെങ്കല മെഡലുകൾ എങ്കിലും ഇന്ത്യ ഉറപ്പിച്ചു. അതെ സമയം രണ്ട് തവണ ചാമ്പ്യനായ നിഖത് സരീൻ ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ടു .

&&&&&&&&&&&&&&&&&&

## HEADLINE-5A

## ASIA CUP HOCKEY

വനിതാ- എഷ്യാകപ്പ് ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്നലെ നടന്ന സൂപ്പർ 4-ലെ ആദ്യ മത്സരത്തിൽ രണ്ടിനെതിരെ നാല് ഗോളുകൾക്ക് ഇന്ത്യ ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശും ഹോങ്കോങ്ങും തമ്മിൽ ഏറ്റുമുട്ടും. അബുദാബിയിലെ ഷെയ്ഖ് സായിദ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ മത്സരത്തിൽ ഇന്ത്യ യുഎഇയെ 9 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## PM-VIVEKANANDA

1893 -ൽ ഷിക്കാഗോയിൽ നടന്ന ലോക മത പാർലമെന്റിൽ സ്വാമി വിവേകാനന്ദൻ നടത്തിയ പ്രസംഗം സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിവേകാനന്ദൻ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗം ഐക്യത്തിനും സാർവത്രിക സാഹോദര്യത്തിനും ഊന്നൽ നൽകിയ നിർണായക നിമിഷമായിരുന്നുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഷിക്കാഗോ പ്രസംഗത്തിന്റെ 132-ാം വാർഷിക ദിനമാണ് ഇന്ന്.

&&&&&&&&&&&&&&&&&&

## PM-VINOBA BHAVE

ആചാര്യ വിനോബ ഭാവേയുടെ ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ ആത്മീയ, സാമൂഹിക, രാഷ്ട്രീയ മേഖലയ്ക്ക് വിനോബ ഭാവേ നൽകിയ മഹത്തായ സംഭാവനകളെ അനുസ്മരിച്ച പ്രധാനമന്ത്രി വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന്

അദ്ദേഹത്തിൻറെ ചിന്തകൾ പ്രചോദനമാകുമെന്നും സമൂഹമാധ്യമത്തിൽ കുറിച്ചു

&&&&&&&&&&&&&&&&&&

**PM-MOHAN BHAGWAT**

ആർഎസ്എസ് മേധാവി മോഹൻ ഭാഗവതിൻറെ 75-ാം ജന്മദിനത്തിൽ ആശംസകളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി .സാമൂഹിക പരിവർത്തനത്തിനും ഐക്യത്തിനും സാഹോദര്യത്തിനുമായി പ്രവർത്തിക്കുന്ന മോഹൻ ഭാഗവതിൻറെ ദീർഘായുസ്സിനും ആരോഗ്യത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&&

**WYANAD - KERALA HIGH COURT**

വയനാട് ഉരുള്പൊട്ടലുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ അന്തിമ ദുരന്ത നിവാരണ പദ്ധതി കേരള ഹൈക്കോടതിയിൽ സമർപ്പിച്ചു. എന്നാൽ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാർ കൂടുതൽ സമയം തേടിയിട്ടുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ജൂണിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്നാണ്, കേന്ദ്ര സർക്കാർ ദുരന്തനിവാരണ പദ്ധതിയുടെ അന്തിമ പതിപ്പ് സമർപ്പിച്ചത്. വയനാട് ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്ന ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന് മുമ്പാകെയാണ് പദ്ധതി സമർപ്പിച്ചത്.

&&&&&&&&&&&&&&&&&&

**MORN ISRO- 100th ToT**

സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ- SSLV , സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനായി സാങ്കേതിക കൈമാറ്റ കരാർ ഒപ്പുവച്ച് ഐഎസ്ആർഒ . NSIL ,IN-SPACe, ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് എന്നിവയുമായാണ് കരാറിൽ ഒപ്പുവച്ചത് . ചെറിയ ഉപഗ്രഹ വിക്ഷേപണങ്ങൾക്കായുള്ള ആഗോള വിപണി പിടിച്ചെടുക്കുക എന്നതാണ്

ഐഎസ്ആർഒ വികസിപ്പിച്ചെടുത്ത എസ്എസ്എൽവിയുടെ ലക്ഷ്യം. രാജ്യത്തിന്റെ ബഹിരാകാശ മേഖലയിലെ പരിഷ്കാരങ്ങളിൽ ഈ കരാർ ഒരു പ്രധാന നാഴികക്കല്ലാണെന്നും എസ്എസ്എൽവിയുടെ വാണിജ്യവൽക്കരണത്തിന് ഇത് വഴിയൊരുക്കുമെന്നും ISRO സമൂഹമാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 133 പോയിന്റ് ഉയർന്ന് 81,552 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 28 പോയിന്റ് നേട്ടത്തിൽ 25,001ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വിലയിൽ മാറ്റമില്ല. പവന് 81,040 രൂപയും ഗ്രാമിന് 10,130 രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&